# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 40** **26.04.2017-ൽ മറുപടിയ്ക്ക്**

**<u>സാമ്പത്തിക മാന്ദ്യം മറികടക്കാനുള്ള ശ്രമങ്ങൾ</u>**

<table>
<tr><td></td><td><u>ചോദ്യം</u><br><br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ. ഇ.പി.ജയരാജൻ<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പി.കെ.ശശി</td><td></td><td><u>മറുപടി</u><br><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളോടുള്ള കേന്ദ്ര അവഗണനയും, കേന്ദ്ര സർക്കാരിന്റെ നിലപാടു മൂലം സംസ്ഥാന എക്സൈസ് നികുതിയിലും തൽഫലമായി വില്പന നികുതിയിലും ഉണ്ടാകുന്ന അപ്രതീക്ഷിതമായ വൻ ഇടിവും പൊതുചെലവ് വർദ്ധിപ്പിച്ച് സാമ്പത്തിക മാന്ദ്യം മറികടക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;</td><td>(എ)</td><td>സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങളോടുള്ള കേന്ദ്ര അവഗണനയും കേന്ദ്ര സർക്കാരിന്റെ നിലപാടും മൂലം സംസ്ഥാന വാണിജ്യ നികുതിയിലും കുറവ് സംഭവിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 19% വർദ്ധനവ് ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ 9% വർദ്ധനവ് മാത്രമേ നേടാൻ കഴിഞ്ഞിട്ടുള്ളൂ. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td rowspan="2">വർഷം</td><td colspan="2">പ്രതീക്ഷിച്ച വാണിജ്യ നികുതി വരുമാനം</td><td colspan="2">ലഭിച്ച നികുതി വരുമാനം</td></tr>
<tr><td>തുക കോടി രൂപയിൽ</td><td>ശതമാനം</td><td>തുക കോടി രൂപയിൽ</td><td>ശതമാനം</td></tr>
<tr><td>2016-17</td><td>36963.92</td><td>19</td><td>34038.36</td><td>9</td></tr>
</table>
<br>നോട്ടു നിരോധനം നിലവിൽ വന്നതിനു ശേഷം 2016 നവംബർ 9 മുതൽ 2017 മാർച്ച് 31 വരെ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനം 924 കോടി രൂപയും ഈ കാലയളവിൽ ലഭിച്ച തുക 766.72 കോടി രൂപയുമാണ്. ടി കാലയളവിൽ എക്സൈസ് വകുപ്പ് മുഖേന പ്രതീക്ഷിച്ച വരുമാനത്തിൽ 17.02 % കുറവുണ്ടായി. ടി കാലയളവിൽ 2015-16 സാമ്പത്തിക വർഷത്തിലെ സമാനകാലയളവിനെ അപേക്ഷിച്ച് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലാത്തതാണ്. 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2016-17 വർഷത്തിൽ ആകെ 4.59 % മാത്രമാണ് വരുമാന വർദ്ധനവ് ഉണ്ടായിട്ടുള്ളത്. മുൻവർഷം പ്രസ്തുത വർദ്ധനവ് 7.97 % ആയിരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| (ബി) | മേൽ സൂചിപ്പിച്ച പ്രകാരമുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കാൻ കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; | (ബി) | നികുതി നഷ്ടം സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും കനത്ത ആഘാതമാണ് ഏൽപ്പിച്ചിരിക്കുന്നത്. തൻനിമിത്തം ഓരോ മേഖലയിലും ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്. |
| (സി) | ക്ഷേമ പദ്ധതികളേയും വികസന പദ്ധതികളേയും നികുതി ശോഷണം ഏതുതരത്തിൽ ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ? | (സി) | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ 31.12.2016 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം 2016 നവംബറിൽ സംസ്ഥാന എക്സൈസ് നികുതി വളർച്ച മുൻ വർഷത്തെ അപേക്ഷിച്ച് 3.15 ശതമാനം കുറവ് രേഖപ്പെടുത്തിയപ്പോൾ ഡിസംബറിൽ രജിസ്ട്രേഷൻ നികുതിയിൽ 34.63 ശതമാനത്തിന്റെ ഇടിവുണ്ടായി. 2016 ഒക്ടോബറിൽ 19.8% വളർച്ച രേഖപ്പെടുത്തിയ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ഡിസംബറിൽ 2.35% വളർച്ച മാത്രമാണ് രേഖപ്പെടുത്തിയത്. 2016 ഒക്ടോബറിനെ അപേക്ഷിച്ച് രജിസ്ട്രേഷൻ നികുതിയിൽ നവംബർ മാസം 30.26 ശതമാനത്തിന്റെയും ഡിസംബറിൽ വില്പന നികുതിയിൽ 17.43 ശതമാനത്തിന്റെയും രജിസ്ട്രേഷൻ നികുതിയിൽ 26.40 ശതമാനത്തിന്റെയും വാഹനനികുതിയിൽ 11.44 ശതമാനത്തിന്റെയും ആകെ തനതു വരുമാനത്തിൽ 16.33 ശതമാനത്തിന്റെയും കുറവ് ഉണ്ടായിട്ടുണ്ട്. നോട്ട് അസാധുവാക്കലിന്റെ ഫലമായി കേന്ദ്രസർക്കാരിന്റെ സാമ്പത്തിക വളർച്ചയിലുണ്ടായ ഇടിവും നികുതി കുറയുന്നതിനുള്ള സാഹചര്യത്തിന് ഇടയാക്കി. സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിലുണ്ടായ കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി വരുമാനത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |

Jeyad

സെക്ഷൻ ഓഫീസർ